

THURSDAY 07/11/2024 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA



**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/11/2024

1. സംസ്ഥാനത്ത് ജൈവവളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്ന എല്ലാ ഡീലർമാരും അവരവരുടെ ജൈവ വളം സാമ്പിളുകൾ കാർഷിക സർവകലാശാലയുടെ കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് അഗ്രിക്കൾച്ചറിന്റെ ഡിപ്പാർട്മെന്റ് ഓഫ് സോയിൽ സയൻസ് ആൻഡ് അഗ്രിക്കൾച്ചറൽ കെമിസ്ട്രിയിൽ പ്രവർത്തിച്ചു വരുന്ന ലാബിൽ 2024 ഡിസംബർ 31 നു മുൻപ് എത്തിച്ച് പരിശോധന വിധേയമാക്കേണ്ടതാണ് എന്ന് കൃഷി അഡിഷണൽ ഡയറക്ടർ (സി പി ) അറിയിക്കുന്നു

2. കേന്ദ്ര കൃഷിമന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ വെറൈറ്റീസ് ആൻഡ് ഫാർമേഴ്സ് റൈറ്റ്സ് അതോറിറ്റി 2023-24 വർഷത്തെ പ്ലാന്റ് ജീനോം സേവിയർ കമ്യൂണിറ്റി അവാർഡ് /ഫാർമർ റിവാർഡ് & റെക്കഗ്നീഷൻ പുരസ്കാരത്തിന് അപേക്ഷ ക്ഷണിച്ചു. 3 വിഭാഗങ്ങളിലാണ് അവാർഡ്. അപേക്ഷ www. plantauthority.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അവസാന തീയതി 2025 ജനുവരി 15.

3. തിരുവനന്തപുരം: സംസ്ഥാന കർഷക കടാശ്വാസ കമ്മിഷൻ വയനാട് ജില്ലയിലെ കർഷകരുടെ സിറ്റിങ് നടത്തുന്നു. എറണാകുളം സർക്കാർ അതിഥി മന്ദിരത്തിൽ 9 മണിക്ക് ഓൺലൈനായി ഈ മാസം 14, 15, 16 തീയതികളിലാണ് സിറ്റിങ്.

4. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2024 പദ്ധതിയുടെ ഭാഗമായി മാവ്, പ്ലാവ് എന്നിവ കൃഷി ചെയ്യാൻ താല്പര്യമുള്ള 25 സെന്റ് സ്ഥലമുള്ള കർഷകർ എറണാകുളം ജില്ലയിലെ തിരുമാറാടി കൃഷിഭവനുമായി നവംബർ 8ന് മുമ്പായി ബന്ധപ്പെടണമെന്ന് കൃഷി ആഫീസർ അറിയിച്ചു.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

5. കേരള കാർഷിക സർവകലാശാലയുടെ കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ പ്രവർത്തിക്കുന്ന കാർഷിക കോളേജിലെ അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ വിഭാഗത്തിൽ അസിസ്റ്റൻറ് പ്രൊഫസറിന്റെ (കരാർ നിയമനം) താൽക്കാലിക ഒഴിവുണ്ട്. യോഗ്യതകൾ സംബന്ധിച്ച വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 18.11.2024ന് രാവിലെ 9.30 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇൻറർവ്യൂവിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487-2438302എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേണ്ടതാണ്

6. സംസ്ഥാന ഹോർട്ടികൾചർ മിഷൻ വാഴക്കർഷകർക്കായി കയറ്റുമതി അധിഷ്ഠിത കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നു. കൃഷിപ്പണികൾക്കും ഹെക്ടറിനു 35,000 രൂപ സഹായം നൽകുന്നു. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471-2330857.

**പരിശീലന പരിപാടി**

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ B.Sc. അഗ്രികൾച്ചർ പഠിച്ചവർക്ക് ഫാം മാനേജ്മെന്റിൽ 15 ദിവസം നീളുന്ന നൈപുണ്യ പരിശീലനം നൽകുന്നു. പരിശീലന ഫീസ് 4500/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.

8. കോഴിക്കോട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് നവംബർ മാസം **20ന് പോഷകത്തോട്ടം** എന്ന വിഷയത്തിലും **21ന് അലങ്കാര മത്സ്യകൃഷി പ്രജനനവും പരിപാലനവും** എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0496

2966041 എന്ന ഫോൺ നമ്പറിലോ kvkcalicut@gmail.com എന്ന വിലാസത്തിലോ ബന്ധപ്പെടുക.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2024 നവംബർ മാസം **20ന് പോത്തുക്കുട്ടി വളർത്തൽ** എന്ന വിഷയത്തിലും, **27,28 തീയതികളിൽ പന്നിവളർത്തൽ** എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവൃത്തി ദിവസങ്ങളിൽ 0471-2732918 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

10. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം നവംബർ 18 മുതൽ 22 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് **9446976726** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം